എയ്ഡഡ് സ്കൂൾ അദ്ധ്യാപകരുടെ നിയമനം പി.എസ്.സി.ക്ക് വിടണമെന്ന ആവശ്യം

14 (*254) ശ്രീ. പിരപ്പൻകോട് മുരളി :
ശ്രീ. വി. കെ. ചന്ദ്രൻ :
ശ്രീ. ലോനപ്പൻ നമ്പാടൻ :
ശ്രീ. വർഗ്ഗീസ് വൈദ്യർ :
ശ്രീ. എം. വി. ജയരാജൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ എയ്ഡഡ് സ്കൂൾ അദ്ധ്യാപകരുടെ നിയമനം പി.എസ്.സിക്ക് വിടണമെന്ന ഏതാനും യുവജന സംഘടനകളുടേയും അദ്ധ്യാപക സംഘടനകളുടേയും സമ്മേളനങ്ങൾ പ്രമേയം പാസ്സാക്കിയിട്ടുള്ള കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എയ്ഡഡ് സ്കൂൾ അദ്ധ്യാപക നിയമനം പി.എസ്.സി.ക്ക് വിടുന്നത് സംബന്ധിച്ച് സർക്കാർ ഇതിനകം എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(സി) നിയമനങ്ങൾ സ്വകാര്യമാനേജ്മെന്റുകളുടെ ഇഷ്ടാനുസരണം നടത്തുകയും നിയമനം ലഭിച്ചവർക്ക് സർക്കാർ ശമ്പളം നൽകുകയും ചെയ്തു വരുന്ന നടപടി അവസാനിപ്പിക്കുന്നതിന് സർക്കാർ സ്വീകരിക്കുന്ന നടപടി വ്യക്തമാക്കുമോ ?

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്) : സർ,

(എ) ഉണ്ട്.

(ബി) ഇല്ല.

(സി) നിർദ്ദേശങ്ങളൊന്നും ഇപ്പോൾ പരിഗണനയിലില്ല.

പാഠപുസ്തകങ്ങളുടെ അച്ചടി കുറ്റമറ്റതാക്കാൻ നടപടി

15 (*255) ശ്രീമതി എർ. കെ. രാധ :
ശ്രീമതി ജെ. മെഴ്സിക്കുട്ടിയമ്മ :
ശ്രീ. സി. പി. ബാലൻവൈദ്യർ :
ശ്രീ. പി. വിശ്വൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ സ്കൂൾ വിദ്യാർത്ഥികൾക്കാവശ്യമായ പാഠപുസ്തകങ്ങളുടെ അച്ചടി വരുന്ന വിദ്യാഭ്യാസവർഷത്തിൽ കുറ്റമറ്റതാക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമക്കാമോ ;

(ബി) സംസ്ഥാനത്ത് നിലവിലുള്ള സർക്കാർ പ്രസ്സുകളിൽ ആവശ്യമുള്ള പുസ്തകങ്ങളുടെ പകുതിപോലും അച്ചടിച്ച് തീർക്കാൻ കഴിയാത്ത അവസ്ഥയുണ്ടോ ;

(സി) എങ്കിൽ ബാക്കി പുസ്തകങ്ങൾ എവിടെ എന്തു മാനദണ്ഡമനുസരിച്ചാണ് അച്ചടിക്കാൻ നല്കുന്നതെന്ന് വ്യക്തമാക്കുമോ ; പാഠപുസ്തകങ്ങളുടെ അച്ചടി ഇപ്പോൾ ആരെയൊക്കെയാണ് ഏല്പിച്ചുവരുന്നതെന്ന് വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) കട്ടേഷൻ ക്ഷണിക്കാതെ പാഠപുസ്തകങ്ങളുടെ അച്ചടി ഏല്പിച്ചാൽ ഉണ്ടാകുന്ന ക്രമക്കേടുകളും പരാതികളും ഒഴിവാക്കുന്നതിന് സർക്കാർ എന്തു നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ;

(ഇ) 2000-ാം വർഷത്തിലെ സ്കൂൾ അദ്ധ്യയനവർഷം ആരംഭിക്കുമ്പോൾ തന്നെ കുറ്റമറ്റ രീതിയിലുള്ള അച്ചടിയും വിതരണവും പൂർത്തിയാക്കുന്നതിന് ആവശ്യമായ നടപടി സർക്കാർ സ്വീകരിക്കുമോ ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ?

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്) : സർ,

(എ) വരുന്ന വിദ്യാഭ്യാസ വർഷത്തിലേക്ക് ആവശ്യമായ എല്ലാ പാഠപുസ്തകങ്ങളുടേയും അച്ചടി 2000 ഏപ്രിൽ മാസത്തോടുകൂടി തന്നെ പൂർത്തിയാക്കുന്നതിനായി വിവിധ പ്രസ്സുകളെ ഏല്പിച്ചിട്ടുണ്ട്. ഇതിന്റെ പുരോഗതി പൊതുവിദ്യാഭ്യാസ സെക്രട്ടറി അദ്ധ്യക്ഷനായുള്ള ഉന്നതതല മോണിറ്ററിംഗ് കമ്മിറ്റി കൂടെക്കൂടെ വിലയിരുത്തുകയും ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നുണ്ട്.

(ബി) ഇല്ല. സംസ്ഥാനത്തിനാവശ്യമുള്ള പാഠപുസ്തകങ്ങളിൽ ഭൂരിഭാഗവും സർക്കാർ പ്രസ്സുകളിലാണ് അച്ചടിക്കുന്നത്. 2000-2001 അദ്ധ്യയനവർഷത്തേയ്ക്കുള്ള പാഠപുസ്തകങ്ങൾ മുഴുവൻ സർക്കാർ പ്രസ്സുകൾക്ക് സമയത്തിന് അച്ചടിച്ചു നൽകാൻ കഴിയാത്ത അവസ്ഥ സംജാതമായതുകൊണ്ട് പാഠപുസ്തങ്ങളുടെ അച്ചടി ഗണ്യമായ തോതിൽ സ്വകാര്യ പ്രസ്സുകൾക്കു കൂടി നല്കിയിട്ടുണ്ട്.

(സി) സർക്കാർ പ്രസ്സുകൾക്ക് അച്ചടിച്ചു നല്കുവാൻ കഴിയുന്നത്ര പാഠപുസ്തങ്ങൾ അവരെ തന്നെ ഏല്പിക്കാറുണ്ട്. ബാക്കി പുസ്തകങ്ങൾ കട്ടേഷൻ മുഖേന തിരഞ്ഞെടുക്കപെടുന്ന സംസ്ഥാനത്തിനകത്തും പുറത്തുമായുള്ള സ്വകാര്യ പ്രസ്സുകളെ ഏല്പിക്കുന്നു. 2000-2001 ലേക്കുള്ള പാഠപുസ്തകങ്ങളുടെ അച്ചടി ഇപ്പോൾ താഴെ പറയുന്ന പ്രസ്സുകളിലായി നടന്നുവരുന്നു.

1. കേരളാ ബുക്സ് ആന്റ് പബ്ളിക്കേഷൻ സൊസൈറ്റി, തൃക്കാക്കര.
2. കേരളാ സ്റ്റേറ്റ് ഓഡിയോ വിഷ്വൽ ആന്റ് റിപ്രോഗ്രാഫിക് സെന്റർ.
3. സർക്കാർ പ്രസ്സുകൾ.
4. സ്വകാര്യ പ്രസ്സുകൾ.

(ഡി) കട്ടേഷൻ ക്ഷണിക്കാതെ സർക്കാർ പ്രസ്സുകളെ മാത്രമേ അച്ചടി ഏല്പിക്കാറുള്ളൂ.

(ഇ) പാഠപുസ്തകങ്ങളുടെ അച്ചടി 2000 ഏപ്രിൽ മാസത്തോടുകൂടിതന്നെ പൂർത്തിയാകത്തക്ക രീതിയിൽ അച്ചടിക്കുള്ള ഉത്തരവ് വിവിധ പ്രസ്സുകൾക്ക് നല്കി കഴിഞ്ഞു. പൊതുവിദ്യാഭ്യാസ സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ രൂപീകരിച്ചിട്ടുള്ള ഉന്നതതല മോണിറ്ററിംഗ് കമ്മിറ്റി ഇടയ്ക്കിടെ അച്ചടിയുടെ പുരോഗതി വിലയിരുത്തി ആവശ്യമായ നിർദ്ദേശങ്ങൾ നല്കിവരുന്നുണ്ട്. പാഠപുസ്തകങ്ങളുടെ കുറ്റമറ്റ രീതിയിലുള്ള വിതരണം ഉറപ്പുവരുത്തുന്നതിനായി ജില്ലാതലത്തിൽ വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർമാർ അദ്ധ്യക്ഷന്മാരായി ജില്ലാതല മോണിറ്ററിംഗ് കമ്മിറ്റികളും രൂപീകരിച്ചിട്ടുണ്ട്. വിതരണം സുഗമമാക്കാൻ സ്റ്റോർകീപ്പർമാരുടെ യോഗവും വിളിച്ചുകൂട്ടാൻ നിശ്ചയിച്ചിട്ടുണ്ട്. അച്ചടിയുടെ പുരോഗതി നിരന്തരം വിലയിരുത്താനായി എസ്.സി.ഇ.ആർ.ടി. ടെക്സ്റ്റ് ബുക്ക് ഓഫീസ് എന്നിവിടങ്ങളിൽനിന്ന് ഒരു സംയുക്തസമിതിയേയും നിയോഗിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly